കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി8-860/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688 011

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 10.07.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-3,3-11, 3-12 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി8-860/17 തീയതി: 10.07.2017

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 10.12.2016 മുതൽ 15.6.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19.6.2017 മുതൽ 01.7.2017 വരെ | ശ്രീ.സി.സി.ജ്യോതിമോൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.രഞ്ജുപ്രകാശ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | അഡ്വ.ഡി.പ്രിയേഷ് കുമാർ | 1.4.16 മുതൽ 31.3.17 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.സോണി.കെ.എസ് | 1.4.16 മുതൽ 31.03.2017വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ക്യൂനോ ജോസ് | 1.4.16മുതൽ 31.3.17 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.രാജു (ഇൻ ചാർജ്ജ്) | 1.4.16മുതൽ 6.11.16 വരെ |
| | | ഡോ.ജോയ് | 7.11.16മുതൽ 31.3.17വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുജാദേവി | 1.4.16മുതൽ 31.3.17 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ.കണ്ണൻ | 1.4.16 മുതൽ 17.11.16വരെ |
| | | ഡോ.രജനി | 18.11.16 മുതൽ 31.3.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.ജയശ്രീ | 1.4.16 മുതൽ 10.8.16 വരെ |
| | | ഡോ.ജിജിജോൺ | 11.8.16 മുതൽ 31.3.17വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഗീതമ്മ | 1.4.16 മുതൽ 31.3.17 വരെ |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സിനിമോൾ.പി | 1.4.16 മുതൽ 31.3.17 വരെ |
| 8 | ഹെഡ്മിസ്ട്രസ്സ്, ഗവ.(എൽ.പി.എസ്.) | ശ്രീമതി. സ്വർണ്ണമ്മ | 1.4.16 മുതൽ 31.3.17 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. സുഹാസിനി | 1.4.16 മുതൽ 31.3.17 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സുജ.വി | 1.4.16 മുതൽ 31.3.17 വരെ |
| | | ശ്രീമതി.ഹാഷ്മിരാജ് | 1.4.16 മുതൽ 31.3.17 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജി.വി.വിനോദ്കുമാർ | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1to1-12 |
| | ഭാഗം -2 | |
| 2 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല - വരുമാന നഷ്ടം | 2-1 |
| 3 | വസ്തുനികുതി പരിശോധന - അപാകതകൾ | 2-2 |

| | | |
|---|---|---|
| 4 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 2-3 |
| 5 | പരസ്യനികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം | 2-4 |
| 6 | അൺ-എയ്ഡഡ് സ്കൂളുകൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു. | 2-5 |
| 7 | ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു | 2-6 |
| | ഭാഗം -3 | |
| 8 | ലീവ് ട്രാവൽ കൺസെഷൻ -അധിക നിരക്ക് നല്കി | 3-1 |
| 9 | സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് ചെലവഴിക്കപ്പെടാത്ത തുക സ്ഥിര നിക്ഷേപമാക്കി. | 3-2 |
| 10 | പച്ചക്കറി വിത്ത്, വളം, കൂലിചെലവ് (എസ്.സി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 11 | വിഷരഹിത ജൈവഗ്രാമം വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് കൂലിചെലവ് സബ്സിഡി-ആവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകി. | 3-4 |
| 12 | ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് - അപാകതകൾ | 3-5 |
| 13 | ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് - ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ- തുക അധികം ചെലവഴിച്ചു. | 3-6 |
| 14 | എച്ച്.എം നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-7 |
| 15 | പത്താം തരം തുല്യതാ പഠനം - അധികം തുക ചെലവഴിച്ചു | 3-8 |
| 16 | ഡിജിറ്റൽ ക്ലാസ്സ് മുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 17 | നാളികേര ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-10 |
| 18 | അംഗീകൃത പദ്ധതിയില്ലാതെ തുക ചെലവഴിച്ചു. | 3-11 |
| 19 | വെള്ളക്കരം കുടിശിക – സോഴ്സിൽ കുറവ് ചെയ്യുന്ന തുക ക്രമപ്പെടുത്തുന്നില്ല. | 3-12 |
| 20 | ഒ.ഡി.എഫ് പദ്ധതി നടത്തിപ്പ് -ചെലവഴിക്കപ്പെട്ട തനത് ഫണ്ട് പൂർണ്ണമായും തിരികെ കിട്ടിയില്ല. | 3-13 |
| 21 | പാലിയേറ്റീവ് പദ്ധതി- ഹോം കെയർ വിസിറ്റ് നടത്താത്ത ദിവസങ്ങളിലും ടാക്സി വാടക നൽകി. | 3-14 |
| 22 | തെരുവ് നായ നിയന്ത്രണ പദ്ധതി- കൈപ്പറ്റ് / വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. | 3-15 |
| 23 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല – ചെലവ് നിരാകരിക്കുന്നു | 3-16 |
| 24 | മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 3-17 |
| 25 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- കൈപ്പറ്റ് രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ | 3-18 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല. | |
| 26 | ഐ.എ.വൈ.അധിക വിഹിതം(എസ്.സി) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-19 |
| 27 | വിവാഹ ധനസഹായം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നല്കി | 3-20 |
| 28 | മണ്ണ് ഫില്ലിംഗ്- എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്തില്ല. | 3-21 |
| 29 | കൺവീനർ വർക്കുകളിൽ നിന്നും ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച്. | 3-22 |
| 30 | ഇ-ടെണ്ടറിന്റെ ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 3-23 |
| 31 | പൊതുമരാമത്ത് വേലകൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല. | 3-24 |
| 32 | ഓഡിറ്റ് ഇമ്പാക്ട്. ബാരൽ വില കുറവ് ചെയ്തില്ല- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരിച്ചടച്ചു | 3-25 |
| | ഭാഗം -4 | |
| 33 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| | അനുബന്ധം | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17 വർഷത്തെ ബജറ്റ് 2.3.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗീകൃ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 153929300 | 151861000 |
| വാർഷിക കണക്ക് പ്രകാരം | 70932061 | 63957750 |

പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ഇതിൽ നിന്നും ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് വ്യക്തമാകുന്നു.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 1.6.2017 | ഇ-സബ്മിഷൻ | ----- |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31454157 |
| വരവ് | 70932061 |
| ആകെ | 102386218 |
| ചെലവ് | 63957750 |
| നീക്കിയിരിപ്പ് | 38428468 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 14485688 | 14470647 | 99.93 |
| വികസനഫണ്ട് - എസ്.സി.പി. | 3655704 | 3655376 | 99.99 |
| വികസനഫണ്ട് - ടി.എസ്.പി. | 377628 | 377336 | 99.92 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 3163710 | 2882188 | 91.10 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 4925610 | 4749915 | 96.93 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8123942 | 6719317 | 82.71 |
| പെർഫോമൻസ് ഗ്രാന്റ് | 5082687 | 3715718 | 73.10 |
| ബി. ഫണ്ട് | 28485510 | 28485510 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | *62847595.5 (മുന്നിരിപ്പ് 27419.5 ഉൾപ്പെടെ)* | 62799467 | 48128.5 (നീക്കിയിരിപ്പ്) |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 123 | 52198557 | 95 | 36570497 | 20 | 8 | 77 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.64 % ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 7668745 | 9467694 | +1798949 | +23.45 |
| നികുതിയേതര വരവുകൾ | 624850 | 581967 | -42883 | _6.9 |
| മറ്റ് വരവുകൾ | 624134 | 1065507 | 441373 | +70.7 |
| ആകെ | 8917729 | 11115168 | +2197439 | +24.64 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 999960 | 593 |
| കർഷകതൊഴിലാളി പെൻഷൻ | 5793480 | 593 |
| വിധവാപെൻഷൻ | 7378120 | 558 |
| വാർദ്ധക്യകാലപെൻഷൻ | 8855730 | 532 |
| വികലാംഗപെൻഷൻ | 3798160 | 381 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 1240060 | 114 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.6.17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29176രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പദ്ധതി ചെലവുകളേക്കാൾ അധികം തുക ചെലവഴിക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ വരവ് ചെലവുകൾ സംബന്ധിച്ച കൃത്യമായ കണക്ക് എൻ.ആർ.ഇ.ജി.എസ് വിഭാഗം എഴുതി സൂക്ഷിക്കുന്നില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.6.17 | 5/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.12.08 | 97-98 മുതൽ 2007- 2008 വരെ | 14.1.09 |

1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രവർത്തനം -

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ വർഷം തൊഴിലുറപ്പ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തെഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 187 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5255 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 3451 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3358 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 217803 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 63.11 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 242 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി 63.11തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 3451 കുടുമ്പങ്ങളിൽ കേവലം 242 കുടുമ്പങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് കേവലം 9.87%.

കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല - വരുമാന നഷ്ടം

2016-17 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

I.അർദ്ധവർഷ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയ്ക്ക് അനുസൃതമായി നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം പട്ടികയിൽ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നം. തീയതി | കുറവ് | കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയ അർദ്ധവർഷം |
|---|---|---|---|---|---|---|---|
| കാർണോസ്റ്റി ആയുർവേദ& വെൽനെസ് റിസോർട്ട് പ്രൈവറ്റ് ലിമി. | ജോസഫ് ആന്റണി, മേസൺ | 63,000 | 600 | 450 | 11602400037 /16.08.16 | 150X2 =300 | രണ്ട് അർദ്ധവർഷ ങ്ങളിലും |
| | ജോസ് കുഞ്ഞ്, പൂൾ അറ്റൻഡർ | 63,000 | 600 | 450 | | 150 | ഒന്നാം അർദ്ധ വർഷം |
| | പ്രശാന്ത് പ്രഭാകർ, പൂൾ അറ്റൻഡർ | 63,000 | 600 | 450 | | 150 | ഒന്നാം അർദ്ധ വർഷം |
| | എബിൻമൈക്കിൾ, ട്രെയിനി | 60,000 | 600 | 450 | | 150 | രണ്ടാം അർദ്ധ വർഷം |
| | സൗമ്യ ബേബി, തെറാപ്പിസ്റ്റ് | 78000 | 750 | 600 | | 150 | |
| | വിസ്മയ ബാബു, | 78000 | 750 | 600 | | 150 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | തെറാപ്പിസ്റ്റ് | | | | | | |
| ഗവ.എച്ച്.എസ്.എസ്, എസ്.എൽ.പുരം | സന്ധ്യ മോൾ.ജി, ലാബ് അസിസ്റ്റന്റ് | 1,53,888 | 1250 | 1000 | | 250 | |
| കണിച്ചുകുളങ്ങര കെ.യു.സി.എസ് | ഓമന.പി, സെക്രട്ടറി | 75,610 | 750 | 450 | 117020100310/ 26.04.17 | 300 | |
| | കെ.ജി.ശ്രീകമാർ, ലാബ് അസിസ്റ്റന്റ് | 71,610 | 600 | 450 | 117020100310/ 26.04.17 | 150 | |
| | ഷാവുദിൻ.എം, പ്രോക്യർമെന്റ് അസിസ്റ്റന്റ് | 46,734 | 450 | 300 | 117020100310/ 26.04.17 | 150 | |
| ആകെ | 1900 | | | | | | |

II.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | മുൻ വർഷം/മുൻ അർദ്ധവർഷങ്ങളിൽ ഈടാക്കിയ നികുതി/ രസീത് നം., തീയതി | നഷ്ടത്തുക |
|---|---|---|---|
| സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,97എ | രണ്ട് അർദ്ധ വർഷങ്ങൾ | 1)1,250/-രൂ., 11502101782/30.09.15<br>2)1,250/-രൂ., 95940100033/29.02.16 | 2500 |
| കെ.എസ്.ഇ.ബി,കഞ്ഞിക്കുഴി | ഒന്നാംഅർദ്ധവർഷം | 1,250 രൂ., 11602500080/09.03.17 | 1250 |
| ധനലക്ഷ്മി ബാങ്ക്, കണിച്ചുകുളങ്ങര | രണ്ട് അർദ്ധവർഷം | 1)1,250/-രൂ. 11502400013/03.10.16<br>2)1250/-രൂ. | 2500 |

| | | | |
|---|---|---|---|
| | | 11502400027/28.03.16 | |
| ആകെ | | | 6250 |

3. 2015-16 വർഷം ഡി ആന്റ് ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| കച്ചവടക്കാരന്റെ പേര്,മേൽവിലാസം | വാർഡ് നം. | മുൻവർഷം ഈടാക്കിയ വാർഷിക തൊഴിൽനികുതി | രസീത് നം./തീയതി |
|---|---|---|---|
| രാജേശ്വരി,കണ്ണാട്ട് | X | 240 | 93531100065/1.11.15 |
| ജോർജ്,വി.ഇ,വെളുത്തേടത്ത് പുത്തൻപുരയ്ക്കൽ | III | 240 | 11502100218/11.11.15 |
| ബിന്ദു,ഇടത്തേടത്ത് | III | 240 | 11502100862/12.0615 |
| സജ്ന.പി.പുരോഗത | VII | 240 | 11402106700/25.03.15 |
| രജി,കുട്ടങ്കൽ | III | 240 | 11402106544/18.03.15 |
| പി.ഡി.ഷാജി,പറമ്പിൽ | XVIII | 240 | 11502102718/28.01.16 |
| നിഥിൻ,പുത്തൻപുരയ്ക്കൽ | XVII | 240 | 11502102718/28.01.16 |
| രാധാകൃഷ്ണൻ,ശാന്താ ഭവൻ | XVI | 240 | 11502106776/04.06.15 |
| ചന്ദ്ര ബാബു, തെക്കേവെളുത്തശ്ശേരി | XVI | 240 | 11502100201/07.05.15 |
| കുരുവിള, ആറാട്ടുകുളം | XIV | 240 | 11502103237/09.03.16 |
| അമൽ, ദേവസ്വംതയ്യിൽ | XIII | 240 | 11502100540/12.05.15 |
| വിഷ്ണു വിജയൻ,ആശാരി വെളിയിൽ | XIII | 240 | 11502102605/08.01.16 |
| മേരി ഷൈജ,പുത്തൻപുരയ്ക്കൽ | XII | 240 | 11562101437/12.08.15 |
| സുരേഷ് കുമാർ, പ്രസാദം | XII | 240 | 11502103506/22.03.16 |
| ഡിജോ ആന്റണി, മൂശാരി പറമ്പിൽ | XI | 240 | 11502101154/10.07.15 |
| രതീഷ്,നടേക്കാട് വെളി | X | 240 | 11502102564/05.01.16 |
| ഷിബു,വടക്കേ തയ്യിൽ | IV | 240 | 11502100308/22.04.15 |
| പ്രദീഷ്.ജി,മണി നിവാസ് | X | 240 | 11502102552/04.01.16 |
| പ്രദീപ്,കവരത്തിൽ | IV | 240 | 11502100889/15.06.15 |
| പി.ജെ.വർഗ്ഗീസ്, പുത്തൻപുരയ്ക്കൽ | V | 240 | 11502101364/06.08.15 |
| ബൈജു,മനാട്ടുവെളി | V | 240 | 11502102485/23.12.15 |
| ശ്രീനിവാസൻ,പള്ളിക്കാവുവെളി | V | 240 | 11502102493/26.12.15 |
| സ്മിത.എസ്.ദേവ്, ഒടമ്പടപറമ്പ് | V | 240 | 11502101098/07.07.15 |

| | | | |
|---|---|---|---|
| പുരുഷോത്തമൻ,പാർവ്വതി നിവാസ് | V | 240 | 11502100809/08.06.15 |
| ആകെ | | 5760 | |

IV.ഫയൽ പരിശോധിച്ചതിൽ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന C.B.S.E സ്കൂൾ ആയ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും അധ്യാപക – അനധ്യാപക ജീവനക്കാരുടെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയതായി കാണുന്നില്ല.

V.മല്ലൻസ് ഡെൻറൽ ക്ലിനിക്ക്,കഞ്ഞിക്കുഴിയിൽ നിന്നും 2016-17 ഒന്നാം അർദ്ധവർഷം 2700/-രൂപ (രസീത് നം.11602103640, തീയതി -27.02.17 ) ഈടാക്കിയിട്ടുണ്ട്. എന്നാൽ, രണ്ടാം അർദ്ധവർഷം തുക ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 2,തീയതി-22.06.17) ഈടാക്കുവാൻ ബാക്കി നില്കുന്ന തുക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നഷ്ടത്തുകയായ 16,610/-രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തുക ഉത്തരവാദിയായ സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി പരിശോധന - അപാകതകൾ

2016-17വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അൺ-എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

12.04.2012ലെ 49590/ആർ.സി 2/2011 സർക്കുലർ പ്രകാരം 14.01.11 മുതൽ അൺ - എയ്ഡഡ് സ്കൂൾ കെട്ടിടങ്ങൾക്ക് വസ്തുനികുതി ബാധകമാക്കിയിട്ടുണ്ട്. എന്നാൽ, ഇതു പ്രകാരമുള്ള വസ്തുനികുതി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വി.എൻ.എസ്.എസ്.എസ്.എൻ ട്രസ്റ്റ് സെൻട്രൽ സ്കൂൾ, സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചെത്തി എന്നീ സ്ഥാപനങ്ങളിൽ നിന്നും ടി ഉത്തരവിൽ പറയുന്ന തീയതി മുതൽക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചിട്ടില്ല. മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത്.

ജി.ഒ (ആർ.ടി) 2640/2012 ത.സ്വ.ഭ.വ, തീയതി -19.09.2011പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. എന്നാൽ, പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന ടവറുകളുടെ വസ്തുനികുതി നാളിതുവരെ നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിക്കുള്ളിൽ നിലവിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ ആകെ എണ്ണം കൃത്യമായി നിർണ്ണയിച്ച് നികുതി കണക്കാക്കി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)എക്സ് സർവീസ് വിഭാഗങ്ങൾക്ക് വസ്തുനികുതി ഇളവ് - രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

2016-17 വർഷം എക്സ് സർവീസ് വിഭാഗത്തിൽപ്പെടുത്തി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് സംബന്ധിച്ച് പഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ രേഖ പ്രകാരം എക്സ് സർവീസ് വിഭാഗത്തിൽപ്പെടുത്തി 27 കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവായി 4600/-രൂപ അനുവദിക്കുകയുണ്ടായി. നികുതി ഇളവ് നല്കിയ ഫയൽ പരിശോധനയ്ക്കായി ആവശ്യപ്പെട്ടത് പ്രകാരം ആകെ 6 അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ജി.ഒ.(എം.എസ്) 242/2013 ത.സ്വ.ഭ.വ തീയതി - 02/07/2013 ഉത്തരവ് പ്രകാരം ഏപ്രിൽ 10 വരെ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ വസ്തുനികുതി ഇളവ് അനുവദിക്കാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 2016-17 ലെ ഹാജരാക്കിയ അപേക്ഷകൾ എല്ലാം ഏപ്രിൽ 10 ന ശേഷം ലഭിച്ചവയാണ്. ടി ഉത്തരവിൽ എപ്രിൽ 10 വരെ ലഭിക്കുന്ന അപേക്ഷകളിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം പ്രത്യേക

പരിശോധന നടത്തി എപ്രിൽ 30 നകം ഡി.ഡി.പി യ്ക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ നാളിതുവരെ പെർഫോമൻസ് ഓഡിറ്റ് വിഭാഗം ഇത്തരമൊരു പരിശോധന നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല .

ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ, പഞ്ചായത്ത് പരിധിയിൽ എല്ലാ മൊബൈൽ ടവറുകളുടേയും അൺ -എയ്ഡഡ് സ്കൂളുകളുടേയും വസ്തു നികുതി ഈടാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. വസ്തു നികുതി ഇനത്തിൽ വിവിധ തരത്തിൽ ഈടാക്കേണ്ട വരുമാനം വർഷങ്ങളായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതായും കേരളാ സ്റ്റേറ്റ് ഓഡിറ്റ് മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ, പഞ്ചായത്ത് അധികൃതർ /ഭരണ സമിതി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന് വ്യക്തമാണ്. ആയതിനാൽ, നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന നികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ കൈകൊള്ളുവാൻ ഭരണ സമിതി മുൻകൈ എടുക്കേണ്ടതാണ്.

## 2-3 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികമായി റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മൂന്ന് വർഷത്തിലധികമായി റീ ഫണ്ട് ചെയ്യപ്പെടാതെ ധാരാളം നിക്ഷേപങ്ങൾ അവശേഷിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | രസീത് നം/തീയതി | നിക്ഷേപകന്റെ പേര് | തുക | ഇനം |
|---|---|---|---|---|
| 1 | 66132/82<br>തീയതി,26.08.2010 | അനിൽ കുമാർ<br>ദേവസ്വം തയ്യിൽ | 2500/- | ഇ.എം.ഡി |
| 2 | 63845/22<br>തീയതി,30.08.2010 | മാനേജിംഗ് പാർട്ണർ,<br>പ്രീമിയർ സ്പൺ പൈപ്പ്സ് | 790/- | ഇ.എം.ഡി |
| 3 | 63845/27<br>തീയതി,30.08.2010 | മാനേജിംഗ് പാർട്ണർ,<br>ഭാരത് പൈപ്പ്സ്,<br>എറണാകുളം | 790/- | ഇ.എം.ഡി |
| 4 | 27/56800<br>തീയതി,29.8.2011 | റോമി, മാനേജർ ഫ്ലോറ<br>ഗാർഡൻസ് | 12000 | ഇ.എം.ഡി |
| 5 | 41/56800<br>തീയതി,29.8.2011 | കണ്ണാട്ട് ഏജൻസീസ്,<br>എസ്.എൽ.പുരം | 6650 | ഇ.എം.ഡി |
| 6 | 11101100415<br>തീയതി,17.12.2011 | അമ്മിണി എനർജി സിസ്റ്റം,<br>തിരുവനന്തപുരം | 7000 | ഇ.എം.ഡി |
| 7 | 11101100416<br>തീയതി,17.12.2011 | അമ്മിണി എനർജി സിസ്റ്റം,<br>തിരുവനന്തപുരം | 2025 | ഇ.എം.ഡി |
| 8 | 11101100421<br>തീയതി,17.12.2011 | മിലൻ, എ റ്റു ഇസഡ്<br>ഡ്രൈവിംഗ് സ്കൂൾ, ചേർത്തല | 6500 | ഇ.എം.ഡി |
| 9 | 11101100422<br>തീയതി,17.12.2011 | എം.പി.രഘുരാമൻ,<br>കാർത്തിക ഡ്രൈവിംഗ്<br>സ്കൂൾ, ചേർത്തല | 6500 | ഇ.എം.ഡി |
| 10 | 11101100423<br>തീയതി,17.12.2011 | ഭഗേഷ്, സാരഥി മോട്ടോർ<br>ഡ്രൈവിംഗ് സ്കൂൾ, ചേർത്തല | 2500 | ഇ.എം.ഡി |
| 11 | 11101100727<br>തീയതി,17.12.2011 | ജോയി ഏലിയാസ്, ജോയി<br>ഇലക്ട്രിക്കൽസ്,<br>ചങ്ങനാശ്ശേരി | 4250 | ഇ.എം.ഡി |

| | | | | |
|---|---|---|---|---|
| 12 | 11202103358 തീയതി,07.02.2013 | മാനേജിംഗ് ഡയറക്ടർ, കൈരളി | 1600 | ഇ.എം.ഡി |
| 13 | 11202103371 തീയതി,07.02.2013 | ഭാരത് ഹോം പൈപ്പ്സ് | 1600 | ഇ.എം.ഡി |
| | ആകെ | | 54705 | |

റീഫണ്ട് ചെയ്യപ്പെടാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന മേൽ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കുന്നില്ല - വരുമാന നഷ്ടം

പഞ്ചായത്ത് പരിധിയിൽ ധാരാളം പരസ്യ ബോർഡുകൾ, കമാനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ടെന്ന് ഭൗതിക പരിശോധനയിൽ ബോധ്യമായി. എന്നാൽ, 2016-17വർഷം ഇവയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പരസ്യനികുതി ഇനത്തിൽ വരവില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, പരസ്യനികുതി സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് കൊടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ബൈലോ അംഗീകാരം ലഭ്യമാകുമ്പോൾ നികുതി ഈടാക്കുവാനാവശ്യമായ നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-5 അൺ-എയ്ഡഡ് സ്കൂളുകൾ ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ.(ആർ.റ്റി) 2427/2007, പൊ.വി. 1.08.2007 പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ 2016-17 വർഷം ഈടാക്കിയിട്ടില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ നിന്നും ആവശ്യമായ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്.

1. വി.എൻ.എസ്.എസ്. എസ്.എൻ ട്രസ്റ്റ് സെൻട്രൽ സ്കൂൾ

2. സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മിഡീയം സ്കൂൾ, ചെത്തി

ജി.ഒ (പി) 84197/പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. ആയതിനാൽ, കെട്ടിടം പരിശോധിച്ച് അർഹമായതെങ്കിൽ ഫിറ്റ് സർട്ടിഫിക്കറ്റ് നൽകി ഫീസ് ഈടാക്കേണ്ടതാണ്.

## 2-6 ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ, ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീയിനത്തിൽ വരവില്ല. 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിന് മുൻപായി സെക്രട്ടറിക്ക് സമർപ്പിയ്ക്കേണ്ടതാണ്. തുടർന്ന്, ടി അപേക്ഷ സെക്രട്ടറി പരിശോധിച്ച് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 പ്രകാരമുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം രേഖപ്പെടുത്തി കഴിഞ്ഞാൽ മാത്രമേ ആ സ്ഥാപനം രജിസ്റ്റർ ചെയ്തതായി കണക്കാക്കുകയുള്ളൂ. കൂടാതെ, രജിസ്റ്റർ ചെയ്യപ്പെട്ട് കഴിഞ്ഞാൽ സെക്രട്ടറി അപേക്ഷകന് ഫാറം 3ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ പ്രതീക്ഷ കോളേജ്, ബി.റ്റി.കോളേജ്, ഡി.റ്റി.കോളേജ്, ഇംഗ്ലീഷ് അക്കാദമി എന്നീ ട്യൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നതായി വ്യക്തമാണ്.എന്നാൽ, ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ

രജിസ്ട്രേഷൻ ഫീ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലീവ് ട്രാവൽ കൺസെഷൻ -അധിക നിരക്ക് നല്കി

ജി.ഒ (പി) 5/2013/ഫിൻ,02.01.2013 പ്രകാരം, ലീവ് ട്രാവൽ കൺസെഷൻ തുക യാത്ര നടത്തിയ ഉദ്യോഗസ്ഥന് അനുവദിക്കുമ്പോൾ അർഹതപ്പെട്ട ക്ലാസ്സിൽ യാത്ര ചെയ്ത ടിക്കറ്റിന്റെ യഥാർത്ഥ യാത്ര നിരക്ക്, റിസർവേഷൻ ചാർജ്ജ്, സേഫ്റ്റി ചാർജ്ജ് എന്നിവ മാത്രമേ അനുവദിയ്ക്കാൻ പാടുള്ളൂ. എന്നാൽ, തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ, വൗച്ചർ നം. 40/11.04.16, 138/27.0516 എന്നിവ പ്രകാരം യഥാക്രമം 23,058/-, 3,222/-രൂപ ആകെ 26,280/-രൂപ ശ്രീമതി.എം.റ്റി.ബീന, സീനിയർ ക്ലാർക്കിന് അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ടിയാരിയ്ക്ക് അനുവദിച്ച യാത്ര നിരക്കിൽ ഓരോ ടിക്കറ്റിനും കാറ്ററിംഗ് ചാർജ്ജ് ഇനത്തിൽ 600/- രൂപ വീതം 8 ടിക്കറ്റിന് 4800/- രൂപ നല്കിയിട്ടുണ്ട്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 സുനാമി അടിയന്തിര സഹായ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് ചെലവഴിക്കപ്പെടാത്ത തുക സ്ഥിര നിക്ഷേപമാക്കി.

ഈ പദ്ധതി പ്രകാരം ലഭിച്ച തുക എസ്.ബി.ടി യിലോ മറ്റേതെങ്കിലും നാഷണലൈസ്ഡ് ബാങ്കിലോ സീറോ ബാലൻസ് സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുവാനാണ് TEAP നിർദ്ദേശിച്ചിരുന്നത്. എന്നാൽ ലഭ്യമായ 2439000രൂപയും ധനലക്ഷ്മി ബാങ്കിന്റെ എസ്.എൽ.പുരം ശാഖയിൽ 8.6.2010ൽ നിക്ഷേപിക്കുകയാണ് ചെയ്തത്. 31.3.2011 നകം ചെലവഴിക്കേണ്ട തുക മാത്രം നിലനിർത്തിക്കൊണ്ട് ബാക്കി തുക തിരുവനന്തപുരത്ത് TRP പദിധതിക്കായുള്ള ഫിഷറീസിന്റെ എസ്.ബി.റ്റി അക്കൗണ്ടിൽ തിരിച്ചടക്കുവാൻ 28.2.2011 ലെ കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിക്കപ്പെടാത്ത തുക 217778 രൂപ 31.3.2011ൽ ധനലക്ഷ്മി ബാങ്കിൽ തന്നെ സ്ഥിര നിക്ഷേപമാക്കി മാറ്റി. തുടർന്ന് ഈ അക്കൗണ്ടിൽ ആർജ്ജിച്ച പലിശയും മേൽ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുവാൻ 18.7.2011 ൽ ആവശ്യപ്പെട്ടിരുന്നു. ഈ നിർദ്ദേശവും പാലിക്കപ്പെടാതെ സ്ഥിരം നിക്ഷേപം തുടർന്ന് വരുകയും 25.8.2016 ൽ ടി ബാങ്കിൽ നിന്നും അക്കൗണ്ട് ക്ലോസ് ചെയ്തപ്പോൾ പലിശ ഉൾപ്പെടെ 323832 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും ടി പദ്ധതി പ്രകാരം നിർമ്മിച്ച ഫിഷ് ഡ്രൈയിംഗ് യൂണിറ്റിന്റെ കറണ്ട് ചാർജ്ജിനത്തിൽ 2010-11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന കറണ്ട് ചാർജ്ജിനത്തിലുള്ള തനത് ഫണ്ട് ബാദ്ധ്യത 34935 രൂപ കുറവ് ചെയ്ത് ബാക്കി തുക 288897 രൂപ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ കഞ്ഞിക്കുഴി ശാഖയിൽ 9.5.2017 ൽ സ്ഥിര നിക്ഷേപമാക്കിയിരിക്കുകയാണ്. മേൽ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 3-3 പച്ചക്കറി വിത്ത്, വളം, കൂലിചെലവ് (എസ്.സി) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ 41/16-17, അടങ്കൽ -87000

പദ്ധതി പ്രകാരം 42ഗുണഭോക്താക്കൾക്ക് പത്ത് സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിന് കൂലിചെലവിനത്തിൽ 400 രൂപ, വളത്തിന് 750രൂപ, വിത്തിന് 50 രൂപ എന്നിങ്ങനെ ഒരു ഗുണഭോക്താവിന് 1200രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി.ഗുണഭോക്താക്കളിൽ ആരും തന്നെ വിത്ത് വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ രണ്ട് ഗുണഭോക്താക്കൾ ഒഴികെ മറ്റാരും തന്നെ വളം വാങ്ങിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൃഷി ഓഫീസർ നടപ്പിലാക്കിയ വിഷരഹിത ജൈവ ഗ്രാമം (14/2017) എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ ആകെയുള്ള 8338 കുടുംബങ്ങൾക്കും പച്ചക്കറി വിത്ത്, തൈകൾ എന്നിവ നൽകിയിട്ടുള്ളതാണ്. ഇപ്രകാരം പഞ്ചായത്തിൽ നിന്നും വിഷരഹിത ജൈവ ഗ്രാമം പദ്ധതി പ്രകാരം വിത്ത്

നൽകിയിട്ടുള്ളതിനാലും പ്രോജക്ട് നമ്പർ 41/16-17-ന്റെ ആനുകൂല്യം കൈപ്പറ്റിയവർ വിത്ത് വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ഇവർ പഞ്ചായത്തിൽ നിന്നും നൽകിയതല്ലാതെ വേറെ വിത്ത് വാങ്ങിയിട്ടില്ല എന്നത് വ്യക്തമാണ്. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള 42 ഗുണഭോക്താക്കൾക്ക് ഒരു പാക്കറ്റിന് 50 രൂപ നിരക്കിൽ വിത്തിന്റെ വിലയായി നൽകിയ 2100 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യാഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. കൂടാതെ മേൽ സൂചിപ്പിച്ചവിധം വളം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാത്ത 40 ഗുണഭോക്താക്കൾക്ക് 750 രൂപ നിരക്കിൽ ആകെ നൽകിയ 30000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16) ലഭ്യമാക്കിയ മറുപടിയിൽ കർഷകർ സ്വന്തമായി വിത്തും വളവും വാങ്ങിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ പ്രസ്തുത രേഖകൾ ഫയലിനോടൊപ്പം സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

ബിൽ നമ്പർ 12/16-17/ 20.3.2017 - 50400

## 3-4 വിഷരഹിത ജൈവഗ്രാമം വ്യക്തികൾക്ക്/ഗ്രൂപ്പുകൾക്ക് കൂലിചെലവ് സബ്സിഡി- ആവശ്യമായ രേഖകൾ ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകി.

പ്രോജക്ട് നമ്പർ 14/16-17,

പദ്ധതി പ്രകാരം 156 വ്യക്തിഗത ഗുണഭോക്താക്കൾക്ക് 25 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് കൂലിചെലവിനത്തിൽ 1000 രൂപ, വീതം 156000 രൂപയും ഗ്രൂപ്പുകൾക്ക് 50 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് കൂലിചെലവിനത്തിൽ 2000 രൂപ വീതവും ആകെ 286000 രൂപ ബിൽ നമ്പർ 14/16-17, 24.3.2017പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 25 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിന്റെ രേഖകൾ ഹാജരാക്കാത്തവർക്കും ഏറ്റവും കുറഞ്ഞ 10 സെന്റിൽ പോലും കൃഷി ചെയ്യാത്തവർക്കും 1000 രൂപ വീതം ആനുകൂല്യം നൽകിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് വിലാസം | കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം (ares) | വിസ്തീർണ്ണം സെന്റ് കണക്കിൽ | സർവ്വേ നമ്പർ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|---|
| 1 | ഗോപിനാഥകുറുപ്പ്, അമ്പഴത്തുങ്കൽ | 2.4<br>1.2 | 8.89 | 463/11 | 1000 | 00 | 1000 |
| 2 | രാജമ്മ, കുന്നേവെളി | 4.3 | 10.62 | 147/4-5 | 1000 | 425 | 575 |
| 3 | ഫ്രാൻസിസ്, കാരക്കാട് | 7.4 | 18.29 | 620/5, 6,8-3 | 1000 | 732 | 268 |
| 4 | ജിജി.കെ.റോയ്, പനക്കൽ പറമ്പ് | 8.61 | 21.27 | 603/6-5 | 1000 | 850 | 150 |
| 5 | ദിനേശൻ.പി.വി, അമല | 8.60 | 21.25 | 495/12 | 1000 | 848 | 152 |
| 6 | ഗീതാമോൾ, ചന്ദ്രംപറമ്പിൽ | 7.85 | 19.38 | 135/2,9 | 1000 | 775 | 225 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ധന്വന്തരൻ, ധന്വസ് | 8.4 | 20.75 | 391/13 | 1000 | 830 | 170 |
| 8 | വേണുഗോപാല പ്പണിക്കർ, പൊക്ലാശ്ശേരി | 8.49 | 20.75 | 152/3 | 1000 | 840 | 160 |
| 9 | ലക്ഷ്മണൻ, താന്നിക്കൽ | 7.2 | 17.79 | 152/3 | 1000 | 712 | 288 |
| 10 | ചിത്രസേനൻ, അഞ്ചുപറമ്പിൽ | 1.04 | 2.57 | 115/18 | 1000 | 00 | 1000 |
| 11 | കുസുമംമാത്തൻ, ചാരങ്കാട് | 5.6 | 13.84 | 275/11 | 1000 | 554 | 446 |
| 12 | ബാബു.പി.കെ, പാണ്ഡ്യാലക്കൽ | 7.9 | 19.52 | 617/2-2, 2-4 | 1000 | 781 | 219 |
| 13 | അജിത, കളത്തിശ്ശേരി | 8.52 | 21 | 172/4-3 | 1000 | 840 | 160 |
| 14 | വിജയൻ.പി.ആർ, പേരയിൽ വീട് | 7.2 | 17.79 | 382/6 | 1000 | 712 | 288 |
| 15 | സരള.കെ.എൽ, പള്ളിക്കാവ്ചിറ | 5.2 | 12.85 | 362/8 | 1000 | 514 | 486 |
| 16 | പ്രശോഭ.ടി.കെ, വെളിയിൽ | 0.20 | 0.50 | -- | 1000 | 00 | 1000 |
| 17 | രാജൻ, ശ്രീലക്ഷ്മി | 3.24 | 8 | 787/1-1 | 1000 | 00 | 1000 |
| 18 | ത്രേസ്യാമ്മ, കളപ്പുരക്കൽ | 5.65 | 13.96 | 55/7 | 1000 | 558 | 442 |
| 19 | മേരിക്കുട്ടി, കളപ്പുരക്കൽ | 8.55 | 21 | 25/1-2 | 1000 | 840 | 160 |
| ആകെ | | | | | | | 8189 |

കൂടാതെ ക്രമ നമ്പർ 16ലെ പ്രശോഭ.ടി.കെ, വെളിയിൽ കണിച്ചുകുളങ്ങര എന്നയാൾ പട്ടണക്കാട് വില്ലേജിലെ 0.20ആർസ് നിലത്തിൽ കൃഷിചെയ്യത്തിന്റെ രേഖകളാണ് ഫയലിനോടൊപ്പം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17) ലഭ്യമാക്കിയ മറുപടിയിൽ കർഷകർ അപേക്ഷയോടൊപ്പം മതിയായ രേഖകൾ ഹാജരാക്കുകയും ആയത് പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ആനുകൂല്യത്തിനായി കർഷകർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തങ്ങൾ കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകളാണ്

ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിന് മാത്രമാണ് അവർ ആനുകൂല്യത്തിന് അപേക്ഷിച്ചിട്ടുള്ളത്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കാ വുന്നതല്ല. സ്ഥല വിസ്തീർണ്ണം സംബന്ധിച്ച് മതിയായ രേഖകൾ ഫയലിനോടൊപ്പം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത മേൽ സൂചിപ്പിച്ച 19 ഗുണഭോക്താക്കൾക്ക് അധികം നൽകിയതും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചതുമായ 8189 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് - അപാകതകൾ.

പ്രോജക്ട്- 25/17, ബിൽ നമ്പർ 5/16-17/ 26.12.16

ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ്- പദ്ധതി അനുസരിച്ച്, അനുസ്മിത മുരളി, വലിയ തയ്യിൽ, മാരാരിക്കുളം വടക്ക് പി.ഒ എന്നയാൾക്ക് 2016 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള 6 മാസക്കാലത്തേക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ 6000രൂപ 26.12.16ലെ ഡി.ഡി 258496പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെയുള്ള 6 മാസക്കാലത്തേക്ക് 25.3.17, 29.3.17 എന്നീ തിയതികളിൽ 3000 രൂപ വീതം ആകെ 6000 രൂപ അക്കൗണ്ട് ട്രാൻസ്ഫർ വഴിയും നൽകിയിട്ടുണ്ട്. ഇയാൾ പഠിക്കുന്ന എൻ.എസ്.എസ് കോളേജ് പ്രിൻസിപ്പാളിന്റെ 24.11.16 ലെ സാക്ഷ്യപത്രം അനുസരിച്ച് ഇയാൾ 2016-17 അക്കാഡമിക് വർഷം ഡിഗ്രി ക്ലാസിലാണ് പഠിക്കുന്നത്. ആയതിനാൽ ടിയാൾക്ക് അർഹമായ സ്കോളർഷിപ്പ് പ്രതിമാസം 800 രൂപ നിരക്കിൽ ആകെ (800x12), 9600 രൂപ മാത്രമാണ്. എന്നാൽ ഇതിന് വിരുദ്ധമായി പ്രതിമാസം 1000 രൂപ നിരക്കിൽ ആകെ 12000 രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ 2400 രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യാഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14) മറുപടി ലഭ്യമാക്കിയില്ല.

## 3-6 ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് - ഐ.എസ്.ഒ സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ- തുക അധികം ചെലവഴിച്ചു.

പ്രോജക്ട്- 109/17, അടങ്കൽ- 1206000

ഈ പദ്ധതി പ്രകാരം ബ്ലൂ മൂൺ എയർ കണ്ടീഷനിംഗ് ആന്റ് റെഫ്രിജറേഷൻ, കളമശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

3 സ്റ്റാർ സ്പ്ലിറ്റ് എ.സി- 3എണ്ണം, 5സ്റ്റാർ സ്പ്ലിറ്റ് എ.സി- 1എണ്ണം, സ്റ്റെബിലൈസർ 4 എണ്ണം.

എന്നാൽ ഈ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള ക്വൊട്ടേഷൻ അനുസരിച്ച് 3 സ്റ്റാർ സ്പ്ലിറ്റ് എ.സിക്ക് എം.ആർ.പി. 47600 രൂപയും ഡിസ്കൗണ്ട് വില 45500രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ച് 3 സ്റ്റാർ സ്പ്ലിറ്റ് എ.സി -3 എണ്ണത്തിന് 136500 രൂപമാത്രം നൽകിയാൽ മതി. എന്നാൽ ഇതിന് വിരുദ്ധമായി ഈയിനത്തിന് 139500 രൂപയുൾപ്പെടെ ടി സ്ഥാപനം ആവശ്യപ്പെട്ടത് പ്രകാരം ചുവടെ ചേർത്തിരിക്കുന്നവിധം ആകെ 195500 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇനം | എണ്ണം | എം.ആർ.പി | ഡിസ്കൗണ്ട് | ആകെ |
|---|---|---|---|---|
| 3 സ്റ്റാർ സ്പ്ലിറ്റ് എ.സി | 3 | 47600 | 45500 | 139500 |
| 5 സ്റ്റാർ സ്പ്ലിറ്റ് എ.സി | 1 | 44100 | 42500 | 42500 |
| 5kv സ്റ്റെബിലൈസർ | 3 | 2900 | 2500 | 7500 |
| 4kv സ്റ്റെബിലൈസർ | 1 | 2400 | 2000 | 2000 |
| ഇൻസ്റ്റലേഷൻ ചാർജ്ജ് | 4x1000 | 1500 | 1000 | 4000 |

| | | |
|---|---|---|
| ആകെ | | 195500 |

മേൽ സൂചിപ്പിച്ച വിധം 3000രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ബിൽ നമ്പർ- 41/16-17- 29.3.17, 195500

കൂടാതെ ഈ പദ്ധതി പ്രകാരം 120900 രൂപ ചെലവഴിച്ച് (ബിൽ നമ്പർ- 40/16-17/27.3.2017), സ്മാർട്ട് ടെക്നോളജി, എസ്.എ റോഡ് കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും ടച്ച് സ്ക്രീൻ കിയോസ്ക് വാങ്ങിയെങ്കിലും ആയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടച്ച് സ്ക്രീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 എച്ച് .എം നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

പ്രോജക്ടിന്റെ പേര് - എസ്.എസ്.എ

പ്രോജക്ട് നം.- എസ് 0097/17

ചെലവ്- 6,00,000/-

ബിൽ നം.- 01/16-17 തുക-6,00,000/- തീയതി-25.10.2016

ടി പ്രോജക്ട് പ്രകാരം ചെലവഴിച്ച തുക (6,00,000/-) ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, ആലപ്പുഴ കൈപ്പറ്റിയ രേഖ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ഓരോ സ്കൂളിനുമായി എത്ര രൂപ ചെലവഴിച്ചുവെന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/27.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പത്താം തരം തുല്യതാ പഠനം - അധികം തുക ചെലവഴിച്ചു

പ്രോജക്ട് നം.- എസ് 0094/17

തനത് ഫണ്ട് - അടങ്കൽ - 20,000/-

ചെലവ് - 16,800/-

സർക്കുലർ നം. 48360/എഫ്.എം 1/2009 തസ്വഭവ 06.10.2009 പ്രകാരം പത്താം തരം തുല്യത കോഴ്സിനായി കോഴ്സ് ഫീ, പരീക്ഷ ഫീ എന്നീ ഇനങ്ങൾക്ക് മാത്രമാണ് തുക ചെലവഴിയ്ക്കാവുന്നത്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ, പഠന സഹായി ലഭ്യമാക്കുന്നതിന് 800/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/27.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, പഠന സഹായി വാങ്ങുന്നതിനായി ചെലവഴിച്ച 800/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-9 ഡിജിറ്റൽ ക്ലാസ്സ് മുറി -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം.- എസ് 119/17

| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ | റോഡിതരം | ആകെ |
|---|---|---|---|
| അടങ്കൽ തുക - | 1,04,556 | 9,55,444 | 10,60,000 |
| ചെലവ് തുക | 1,04,556 | 9,46,507 | 10,51,063 |

ബിൽ നം.- 02/16-17 തുക-1,04,556/- തീയതി-18.02.2017

ബിൽ നം.- 03/16-17 തുക-9,46,507/- തീയതി-18.02.2017

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 4 ഗവൺമെന്റ് എൽ.പി.സ്കൂളുകളിൽ ഡിജിറ്റൽ ക്ലാസ്സ് മുറി സജ്ജീകരിക്കുന്നതിനായി പ്രോജക്ട് പ്രകാരം, 10,51,063/- രൂപയുടെ കമ്പ്യൂട്ടർ, അനുബന്ധ സാധനങ്ങൾ, പ്രോജക്ടർ, വൈറ്റ് ബോർഡ്,

പോഡിയം തുടങ്ങിയ സാധനങ്ങൾ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമി. എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ കൈപ്പറ്റിയ സ്കൂളുകളിൽ 29.06.2017 ന് 12 മണിയ്ക്ക് നടത്തിയ ഭൗതിക പരിശോധനയിൽ, ലഭിച്ച സാധനങ്ങൾ 4 സ്കൂളുകൾക്ക് വിതരണം ചെയ്യതിട്ടുള്ളതായും 3 സ്കൂളുകളിലും നിലവിലുള്ള നെറ്റ് കണക്ഷൻ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്നതായും ഗവൺമെന്റ് എൽ.പി.എസ്, തിരുവിഴയിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വൈ-ഫൈ കണക്ഷൻ അകലക്കൂടുതൽ മൂലം ഡിജിറ്റൽ ക്ലാസ്സ് മുറിയിലേയ്ക്ക് ലഭ്യമാകുന്നില്ലയെന്നും ഡിജിറ്റൽ ക്ലാസ് മുറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നും ബോധ്യമായി. പ്രോജക്ട് പ്രകാരം ഒരു സ്കൂളിന് നെറ്റ് കണക്ഷൻ നല്കുന്നതിനായി 3000/- പ്രകാരം 12,000/- വകയിരുത്തിയിട്ടുള്ളതായിരുന്നു. ആയത് പ്രയോജനപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 നാളികേര ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ 19/16-17

730500 രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ നാളികേര ഗ്രാമം പദ്ധതി പ്രകാരം 360 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ 180000 രൂപ 15.3.17ലെ ബിൽ നമ്പർ 11/16-17 അനുസരിച്ച് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്യിട്ടുള്ളവിധം വെട്ടിമാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സി.ഡി.എസിന്റെ നേതൃത്വത്തിൽ തൈകൾ നൽകിയിട്ടുണ്ടെന്നും തൊഴിലുറപ്പ് പദ്ധതിപ്രകാരം തൈകൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞിരിക്കുന്നു. ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്യപ്പോൾ തെങ്ങിൻ തൈകൾ പാകി നിർത്തിയിട്ടുണ്ടെന്നും 2017-18 വർഷത്തിൽ ആയത് വിതരണം ചെയ്യുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ മേൽ മറുപടി അംഗീകരിക്കുന്നില്ല. പദ്ധതി പ്രകാരം വെട്ടിമാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 അംഗീകൃത പദ്ധതിയില്ലാതെ തുക ചെലവഴിച്ചു.

കമ്പ്യൂട്ടറുകൾക്കുള്ള ആനുവൽ മെയിന്റനൻസ് കോൺട്രാക്ട്-ഇനത്തിൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ തനത് ഫണ്ടിൽനിന്നും താഴെ പറയുന്ന ചെക്ക് പ്രകാരം 32802 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. ആയതിന്റെ അംഗീകൃത പ്രോജക്ട് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18) ലഭ്യമാക്കിയ മറുപടിയിൽ 2017-18ലേക്കുള്ള പ്രോജക്ടിനോടൊപ്പം അംഗീകാരം വാങ്ങുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ തുക ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെക്ക് നമ്പർ - 6194/27.6.16

## 3-12 വെള്ളക്കരം കുടിശിക - സോഴ്സിൽ കുറവ് ചെയ്യുന്ന തുക ക്രമപ്പെടുത്തുന്നില്ല.

പ്രോജക്ട് നമ്പർ 57/17 പ്രകാരം തൻവർഷം 867480 രൂപ വെള്ളക്കരം കുടിശികയിനത്തിൽ ഒടുക്കിയിട്ടുണ്ട്. (ബിൽ നമ്പർ 44, 45/31.3.17). വാട്ടർ അതോറിട്ടിയുടെ 12.2.2017ലെ R.O/4057/07 നമ്പർ കത്ത് പ്രകാരം വെള്ളക്കരം കുടിശിക 56,37,424 രൂപയുള്ളതായി കാണിച്ചിട്ടുണ്ട്. 6/2011 വരെയുള്ള കുടിശിക 24,76,017 രൂപ മാത്രമായിരുന്നു. 6/2011 മുതൽ അതാതു മാസത്തെ വെള്ളക്കരം പഞ്ചായത്തിൽ നിന്നും കൃത്യമായി ഒടുക്കുന്നുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ വെള്ളക്കരം ഇനത്തിൽ സോഴ്സിൽ നിന്നും ഈടാക്കിയിട്ടുള്ള തുക മുഴുവനായും കുറവ് ചെയ്യാതെയാണ് കുടിശിക സൂചിപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു. പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2009-10 മുതൽ 2013-14 വരെ ചുവടെ ചേർക്കുന്നവിധം 4838649രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്യിട്ടുണ്ട്. എന്നാൽ ഇതിൽ 3644030 രൂപ മാത്രമേ കുടിശികയിനത്തിൽ ക്രമപ്പെടുത്തിയിട്ടുള്ളൂ.

| വർഷം | ഉറവിടത്തിൽ കുറവ് ചെയ്യതുക | ക്രമപ്പെടുത്തിയ തുക | വ്യത്യാസം |
|---|---|---|---|
| 2009-10 | 1016376 | 778750 | 237626 |
| 2010-11 | 2046454 | 1807530 | 238924 |

| | | | |
|---|---|---|---|
| 2011-12 | 712872 | 00 | 712872 |
| 2012-13 | 487697 | 482500 | 5197 |
| 2013-14 | 575250 | 575250 | 00 |
| ആകെ | 4838649 | 3644030 | 1194619 |

2009-10 മുതൽ സോഴ്സിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുക പൂർണ്ണമായും ക്രമപ്പെടുത്താതെ പ്രസ്തുത തുകയും കൂടിയുള്ള പലിശയും പിഴപലിശയും ചേർന്ന തുകയാണ് വാട്ടർ അതോറിട്ടി ഡിമാന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. നിലവിൽ 5/2013 മുതലുള്ള 307 ടാപ്പുകളുടെ വെള്ളക്കരമാണ് അടച്ചുകൊണ്ടിരിക്കുന്നത്. വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കേണ്ടതും ഉറവിടത്തിൽ കുറവ് ചെയ്ത തുക ക്രമപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-13 ഒ.ഡി.എഫ് പദ്ധതി നടത്തിപ്പ് -ചെലവഴിക്കപ്പെട്ട തനത് ഫണ്ട് പൂർണ്ണമായും തിരികെ കിട്ടിയില്ല.

പ്രോജക്ട് നമ്പർ 93/16-17

സാനിട്ടറി യൂണിറ്റ് നിർമ്മാണം - പദ്ധതി പ്രകാരം 87ഗുണഭോക്താക്കൾക്ക് 15400രൂപ വീതം ആകെ 1339800 രൂപ 2016-17 വർഷം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഒരു യൂണിറ്റിന് 12000 രൂപ നിരക്കിൽ 1044000 രൂപ ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ 814320 രൂപ മാത്രമേ തിരികെ കിട്ടിയിട്ടുള്ളൂ. അവശേഷിക്കുന്ന തുക 229680 ശുചിത്വ മിഷനിൽ നിന്നും തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 പാലിയേറ്റീവ് പദ്ധതി- ഹോം കെയർ വിസിറ്റ് നടത്താത്ത ദിവസങ്ങളിലും ടാക്സി വാടക നൽകി.

പ്രോജക്ട് നം.- എസ് 0064/17

പ്രോജക്ടിന്റെ പേര്- സുമന സാന്ത്വന ഗ്രാമം (പാലിയേറ്റീവ് കെയർ)

| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ | തനത് ഫണ്ട് | ബ്ളോക്ക് ഷെയർ | ആകെ |
|---|---|---|---|---|
| അടങ്കൽ തുക - | 3,92,000/- | 26,000 | 50,000 | 4,68,000 |
| ചെലവ് തുക | 3,92,000/- | 26,000 | 50,000 | 4,68,000 |

ബിൽ നം.- 01/16-17,29.12.16 തുക-1,68,000/-

05/16-17,28.03.17 തുക-2,24000/-

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവഹണം നടത്തിയ പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരം ചെലവഴിച്ച തുകയിൽ ബിൽ നം.1/16-17/29.12.16 (തുക-1,68,000/-) വൗച്ചർ നം.21/16-17പ്രകാരം 7,000/- രൂപ 7 ദിവസങ്ങളിൽ ഭവന സന്ദർശനം നടത്തിയതിന് ടാക്സി ഡ്രൈവർക്ക് നല്കിയിട്ടുണ്ട്. എന്നാൽ, വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതികളിൽ 29.10.2016 ന് ഭവന സന്ദർശനം നടത്തിയതായി ഹോം കെയർ രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, 22.11.16തീയതിയിൽ നടത്തിയ യാത്രയ്ക്ക് ടാക്സി ഡ്രൈവർക്ക് 1,000/-രൂപ വീതം ബിൽ നം.1/16-17/29.12.16 (വൗച്ചർ നം.23/16-17), ബിൽ നം.5 05/16-17, 28.03.17എന്നിവ പ്രകാരം 2 തവണ മാറി നല്കിയിട്ടുണ്ട് .

ബിൽ നം.1/16-17 പ്രകാരം പിൻവലിച്ച തുകയിൽ നിന്ന് പാലിയേറ്റീവ് ഹോം കെയർ നഴ്സ്മാരുടെ പാലിയേറ്റീവ് റിവ്യൂ മീറ്റിംഗിന് പങ്കെടുത്തതിന് 1600/-രൂപ മാരാരിക്കുളം വടക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് നഴ്സായ ശ്രീമതി.ആനി ജാക്വിലിൻ.വി.എസ് എന്ന ആളിന് നല്കിയിട്ടുണ്ട്. എന്നാൽ റിവ്യൂ മീറ്റിംഗിൽ പങ്കെടുത്തതിന്റെ ഹാജർ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ടി വിവരങ്ങൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8, തീയതി – 24.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ഡ്രൈവർക്ക് അധികം നല്കിയ തുകയായ 2000/-രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, തുക നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ, ജി.ഒ (ആർ.ടി) 3217/2015തസ്വഭവ 29.10.2015, ഉത്തരവിലെ ഖണ്ഡിക 2.6.5 (3) ൽ മെഡിക്കൽ ഓഫീസർ വാഹന ക്വട്ടേഷൻ ക്ഷണിക്കുന്നത് ദിവസ വാടകയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും ക്വട്ടേഷൻ പി.എം.സി അംഗീകരിയ്ക്കണമെന്നും ഒരിക്കൽ ക്ഷണിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസം ആയിരിക്കുമെന്നും കാലാവധി അവസാനിക്കുന്നതിന് മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സിയുടെ അംഗീകാരം വാങ്ങണമെന്നമാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ, മാരാരിക്കുളം വടക്ക് പി.എച്ച്.സി പാലിയേറ്റീവ് പദ്ധതി നടത്തിപ്പിൽ ഇവ സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുന്നില്ല. ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് കൊണ്ട് തുടർ വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.
2)<u>പ്രോജക്റ്റ് നം.- എസ് 0068/17</u>

പ്രോജക്റ്റിന്റെ പേര് - ആരോഗ്യ സുരക്ഷ – ജീവൻ സുരക്ഷ

വികസന ഫണ്ട് (ജനറൽ)-അടങ്കൽ തുക-4,00,000/-

ചെലവ് തുക-4,00,000/-

ബിൽ നം.- 04/16-17,17.03.17 തുക-4,00,000/-
പ്രോജക്റ്റ് പ്രകാരം, ഒരു ബി.പി. അപാരറ്റസിന് 2190/-രൂപ നിരക്കിൽ 18 വാർഡുകളിൽ നല്കുന്നതിനായി 18 എണ്ണം ബി.പി. അപാരറ്റസ് 37,800/- രൂപയ്ക്ക് കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമി.,ചേർത്തലയിൽ നിന്നും വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആയത് മുഴുവനായും എച്ച്.ഐ കൈപ്പറ്റിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എച്ച്.ഐ കൈപ്പറ്റിയതിനുശേഷം വിതരണം നല്കിയതിന്റെ വിതരണ രേഖ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8 , തീയതി – 24.06.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിതരണ രേഖ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക (37,800/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കൂടാതെ, പദ്ധതി പ്രകാരം, മാലിന്യ നിർമ്മാർജ്ജനത്തിന് 15 ആരോഗ്യ വാളണ്ടിയർമാർക്ക് 1200/-രൂപ നിരക്കിൽ, ഒരു വാർഡിൽ 15 പേർക്ക് വീതം 3,24,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മാലിന്യങ്ങൾ സമാഹരിക്കുകയോ നിർമ്മാർജ്ജനം ചെയ്യുകയോ ചെയ്തതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച രേഖകളോ രജിസ്റ്ററുകളോ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8, തീയതി – 24.06.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക (3,24,000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)<u>പ്രോജക്റ്റ് നം.- എസ് 0142/17</u>

പ്രോജക്റ്റിന്റെ പേര് - പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ

| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ | തനത് ഫണ്ട് | ആകെ |
|---|---|---|---|
| അടങ്കൽ തുക | 2,04,493 | 507 | 2,05,000 |
| ചെലവ് തുക | 2,04,493 | 507 | 2,05,000 |

ബിൽ നം.- 03/16-17,7.03.17 തുക-2,04,493/-
പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമി., ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതിന്റെ രജിസ്റ്റർ/രേഖ ലഭ്യമല്ല.

2.പി.എച്ച്.സിയ്ക്ക് ആവശ്യമുള്ള എയർ കണ്ടിഷണർ, സ്റ്റബിലേസർ, റെഫറിജറേറ്റർ (അനുബന്ധ സാധനങ്ങൾ ഉൾപ്പടെ) എന്നിവ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ ക്വട്ടേഷൻ തുക (50,000/-) രേഖപ്പെടുത്തിയ വെള്ളേത്തറ ഏജൻസീസ്, ചേർത്തല എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ ഉറപ്പിച്ച് നല്കിയതാണ്. എന്നാൽ തുക നല്കിയപ്പോൾ ടി സ്ഥാപനത്തിന് 50,200/-രൂപയാണ് നല്കിയിരിക്കുന്നത്.

3.പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും 507/-രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-15 തെരുവ് നായ നിയന്ത്രണ പദ്ധതി- കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ 144/16-17

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ തെരുവ് നായ നിയന്ത്രണ പദ്ധതി പ്രകാരം 2,00,000 രൂപ ബിൽ നമ്പർ 3/16-17, 3.3.17 അനുസരിച്ച് ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ്/വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭിച്ചിട്ടില്ല – ചെലവ് നിരാകരിക്കുന്നു

1)പ്രോജക്ടിന്റെ പേര് -ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം.- എസ് 0022/17

| ഫണ്ടിനം | വികസന ഫണ്ട്-ജനറൽ | റോഡിതരം | ആകെ |
|---|---|---|---|
| അടങ്കൽ തുക - | 6,00,000 | 6,00,000 | 12,00,000 |
| ചെലവ് തുക | 6,00,000 | 6,00,000 | 12,00,000 |

ബിൽ നം.- 01/16-17,27.09.16 തുക-6,00,000/-
04/16-17,28.02.17 തുക-6,00,000/-

മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവഹണം നടത്തിയ ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി 12,00,000 രൂപ ഔഷധിക്ക് നൽകിയെങ്കിലും 6,00,000/-രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത്. ബിൽ നം. 04/16-17, 28.02.17 പ്രകാരം പിൻവലിച്ച 6,00,000/-രൂപ മാനേജിംഗ് ഡയറക്ടർ, ഔഷധിയുടെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ, 6,00,000/-രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 23/29.06.17 ന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. തുക മുൻകൂറായി നൽകി നാളിതുവരെയായിട്ടും മരുന്ന് ലഭിക്കാതിരുന്നതിനാൽ 6,00,000 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-17 മെഡിക്കൽ ഓഫീസർ ( ഹോമിയോ ) നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1)പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം.- എസ് 120/17

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട്- ജനറൽ |
| അടങ്കൽതുക | 2,00,000 |
| ചെലവ് തുക | 2,00,000 |

ബിൽ നം.- 02/16-17, 21.12.16 തുക-2,00,000/-

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വിതരണം ചെയ്യുന്നതിനായി 21.12.2016 ൽ ബിൽ നം. 2/2016-17 പ്രകാരം വികസന ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ പിൻവലിച്ച് 28.12.2016 ൽ ഹോംകോയ്ക്ക് (ചെക്ക് നം.258470/28.12.16)നൽകിയിട്ടുണ്ട്. 02.01.2017 ന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എച്ച്.സി.പി. തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ, 25.04.17ൽ 84840/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 1,16,160/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 29.06.2017 – ൽ നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 1,15,160/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2)പ്രോജക്ടിന്റെ പേര് - എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നം.- എസ് 121/17

| | |
|---|---|
| ഫണ്ടിനം | റോഡിതരം |
| അടങ്കൽ തുക - | 2,00,000 |
| ചെലവ് തുക | 2,00,000 |

ബിൽ നം.- 01/16-17, 21.12.16 തുക-3,00,000/-

മെഡിക്കൽ ഓഫീസർ ( ഹോമിയോ ) നിർവഹണം നടത്തിയ

എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിൽ മരുന്ന് വിതരണം ചെയ്യുന്നതിനായി 21.12.2016 ലെ ബിൽ നം. 1/2016-17 പ്രകാരം വികസന ഫണ്ടിൽ നിന്നും മൂന്ന ലക്ഷം രൂപ പിൻവലിച്ച് 28.12.2016 ൽ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട് (ചെക്ക് നം.258469/28.12.16). 02.01.2017 ന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എച്ച്.സി.പി. തുക കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് . എന്നാൽ, 25.04.17ൽ 35388/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 2,64,612/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 29.06.2017 – ൽ നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല . മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 2,64,612/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-18 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ- കൈപ്പറ്റ് രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ | പ്രോജക്ടിന്റെ | തുക | ബിൽ | ചെലവഴിച്ച | തടസ്സപ്പെടുത്തു |
|---|---|---|---|---|---|

| നമ്പർ | പേര് | ആർക്ക് നൽകി എന്നത് | നമ്പർ | തുക | ന്നതിനുള്ള കാരണം |
|---|---|---|---|---|---|
| 1 | 143/16-17, സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ. | സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് | 16.2.17ലെ ബിൽ നമ്പർ 24/16-17 | 500000 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 2 | 126/16-17, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, ലൈൻ ചാർജ്ജിംഗ്, മീറ്റർ സ്ഥാപിക്കൽ (എസ്.സി) | കെ.എസ്.ഇ.ബി | ബിൽ നമ്പർ- 29/16-17/ 7.3.17-- 350000 | 736935 | കംപ്ലീഷൻ റിപ്പോർട്ട്, പെർഫോമൻസ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. |
| | | | 30/16-17/ 7.3.17 – 386054 | | |
| | | | 31/16-17/ 7.3.17-- 881 | | |
| 3 | 13/17,വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ. | കെ.എസ്.ഇ.ബി | ബിൽ നമ്പർ 26,/16-17, തിയതി, 28.2.17 | 1464578 | കംപ്ലീഷൻ റിപ്പോർട്ട്, പെർഫോമൻസ് റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. |
| | | | ബിൽ നമ്പർ 27/16-17, തീയതി, 28.2.17 | 1565012 | |
| | | | വൗച്ചർ നമ്പർ 1150/7.3.17 | 26439 | |
| ആകെ | | | | 4292964 | |

## 3-19 ഐ.എ.വൈ.അധിക വിഹിതം(എസ്.സി) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.എസ്.110/17

പ്രോജക്ടിന്റെ പേര്: ഐ.എ.വൈ.അധിക വിഹിതം(എസ്.സി)

നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി (വി.വി.പ്രസാദ്)

അടങ്കൽ: വികസന ഫണ്ട് - 15,70,000/- രൂപ

ചെലവ്: 15,70,000/- രൂപ(ട്രഷറി ബിൽ നം.3തീയതി.26.09.2016)

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപെട്ട ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നല്കുന്നതിലേക്കായി മേൽ ബിൽ പ്രകാരം മാറിയ തുക 27.09.2016-ലെ 972680 നമ്പർ ഡി.ഡി

പ്രകാരം കഞ്ഞിക്കുഴി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് അയച്ച നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-20 വിവാഹ ധനസഹായം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നല്കി

പ്രോജക്ട് നം.എസ്.48/17
പ്രോജക്ടിന്റെ പേര്: വിവാഹ ധനസഹായം(എസ്.സി.പി)
നിർവ്വഹണം: അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ: വികസന ഫണ്ട് - 1,00,000/- രൂപ
ചെലവ്: 50,000/- രൂപ (ട്രഷറി ബിൽ നം.7/2016-17തീയതി.21.1.2017)
50,000/- രൂപ (ട്രഷറി ബിൽ നം.10/2016-17തീയതി.31.1.2017)

തൻവർഷം ഈ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് 50,000/-രൂപ വീതം ധനസഹായം നല്കിയതായി കാണുന്നു. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കളുടെയും പേരുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമ നം | പേര്,മേൽവിലാസം | കൈപ്പറ്റിയ തുക | ഡി.ഡി. നം/തീയതി |
|---|---|---|---|
| 1 | കാർത്തികേയൻ.സി<br>കാക്കപ്പറമ്പ്<br>എസ്.എൻ.പുരം.പി.ഒ<br>വാർഡ്-7 | 50,000 | 973584<br>തീയതി,04.02.2017 |
| 2 | കെ.കെ.രമേശൻ<br>മാപ്പിളശ്ശേരിവെളി<br>കണിച്ചുകുളങ്ങര<br>വാർഡ്-8 | 50,000 | 973751 തീയതി,09.02.2017 |
| | ആകെ | 1,00,000/- രൂപ | |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് 2017-18 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ തീരുമാനം ഉൾക്കൊള്ളുന്ന ഗ്രാമ സഭ മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-21 മണ്ണ് ഫില്ലിംഗ്- എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ലഭിച്ച മണ്ണിന്റെ അളവ് കുറവ് ചെയ്തില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 88/17, 250/16(2015-16) |
| പ്രോജക്ടിന്റെ പേര് | : | പെരുന്നേർമംഗലം എൽ.പി.എസ്, പെരുന്നേർമംഗലം ജി.എൽ.പി.എസ്, പൊക്ലാശ്ശേരി എൽ.പി.എസ്, സ്കൂളുകൾക്ക് അറ്റകുറ്റപ്പണി |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | രാജേഷ്, പൂപ്പാത്ത്ചിറ |
| എഗ്രിമെന്റ് നം. | | *86/AE/LSGD/MNGP/15-16 തീ. 2.3.2016* |
| അടങ്കൽ: മെയിന്റനൻസ് | : | 9,60,000/- രൂപ |

| | | |
|---|---|---|
| ഫണ്ട് (റോഡിതരം) | | |
| ചെലവ് (മുൻവർഷം) | : | 3,75,901/-രൂപ (ആദ്യ പാർട്ട് ബിൽ (2015-16) |
| ചെലവ് (തൻവർഷം) | | 5,53,283(ട്രഷറി ബിൽ നം.3തീയതി.16.11.16) |
| എം.ബുക്ക് നം | : | 382/15-16, 394/16 |
| ആകെ വേല മൂല്യം | : | 9,60,000/- |

പെരുന്നേർമംഗലം എൽ.പി.എസ്, പെരുന്നേർമംഗലം ജി.എൽ.പി.എസ്, പൊക്ലാശ്ശേരി എൽ.പി.എസ്, സ്കൂളുകൾക്ക് അറ്റകുറ്റപ്പണി പ്രവൃത്തിയ്ക്കായി 9,60,000/- രൂപ അടങ്കലുള്ള പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ഡി.എസ്.ആർ നിരക്കിനൊപ്പം 1.4571 കോസ്റ്റ് ഇൻഡക്സും കൂടി ഉൾപ്പെടുത്തിയാണ്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയതിൽ താഴെ പറയുന്ന ന്യൂനത സംഭവിക്കുകയും തന്മൂലം കോൺട്രാക്ടർക്ക് അധികം തുക നല്കാനിടയായതായും കാണുന്നു.

ഈ പ്രവർത്തിയുടെ 16,37 എന്നീ ഇനങ്ങൾ പ്രകാരം 20cm കനത്തിൽ എർത്ത് ഫില്ലിഗ് നടത്തിയതായി കാണിച്ചിരിക്കുന്നു. എന്നാൽ ഈ പ്രവർത്തിയുടെ 19,29 ഇനങ്ങൾ പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ കിട്ടിയ മണ്ണിന്റെ അളവ് കുറവ് ചെയ്യാതെയാണ് എർത്ത് ഫില്ലിംഗിന്റെ അളവ് അനുവദിച്ചിരിക്കുന്നത് തന്മൂലം താഴെപ്പറയും പ്രകാരമുള്ള അധികച്ചെലവുണ്ടായിട്ടുണ്ട്. എസ്കവേറ്റ് ചെയ്ത മണ്ണ് ഉപയോഗയോഗ്യമല്ലായെന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എസ്കവേറ്റ് ചെയ്തെടുത്ത മണ്ണ് ഉപയോഗപ്പെടുത്തേണ്ടതായിരുന്നു.

| | |
|---|---|
| ഇനം.16 പ്രകാരം ചെയ്ത ഫില്ലിംഗിന് അനുവദിച്ച അളവ് (കൺസോളിഡേഷൻ കുറവ് ചെയ്ത്). എം.ബുക്ക് പേജ് നം.63 (382/15-16) | 8.298 എം$^3$ |
| ഇനം.37 പ്രകാരം ചെയ്ത ഫില്ലിംഗിന് അനുവദിച്ച അളവ് (കൺസോളിഡേഷൻ കുറവ് ചെയ്ത്). എം.ബുക്ക് പേജ് നം.26 (382/15-16) | 48.03എം$^3$ |
| ആകെ | 56.328എം$^3$ |
| ഇനം.19 പ്രകാരം ചെയ്ത എർത്ത് എസ്കവേഷന്റെ അളവ് എം.ബുക്ക് പേജ് നം.64 (382/15-16) | 3.93 എം$^3$ |
| ഇനം.29 പ്രകാരം ചെയ്ത എർത്ത് എസ്കവേഷന്റെ അളവ് എം.ബുക്ക് പേജ് നം.13 (382/15-16) | 0.256 എം$^3$ |
| ആകെ | 4.186എം$^3$ |
| ഫില്ലിംഗിന് അനുവദനീയമായ അളവ് | 52.142എം$^3$ |
| ഫില്ലിംഗിന് അനുവദിച്ച തുക (56.328എം$^3$ ന് 1023.70/എം$^3$) | 57663/- രൂപ |
| ഫില്ലിംഗിന് അനുവദിക്കേണ്ടിയിരുന്ന തുക (52.142എം$^3$ ന് 1023.70/എം$^3$) | 53378/-രൂപ |
| അധികം നല്കിയ തുക (57663-53378) | 4285/-രൂപ |

മൂല്യനിർണയത്തിലെ പിഴവു മൂലം 4285/- രൂപാ കൺവീനർക്ക് അധികം നല്കാനിടയായി. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11 തീയതി, 28.06.2017) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക കോൺട്രാക്ടറിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-22 കൺവീനർ വർക്കുകളിൽ നിന്നും ആദായ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

2016-17 സാമ്പത്തിക വർഷം ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന കൺവീനർ വർക്കുകളിൽ നിന്നും ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല.

1.കോൾപിംഗ് പടവുപുരയ്ക്കൽ നടപ്പാത കോൺക്രീറ്റിംഗ്

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്.90/17 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനറുടെ പേര് | : | മഹാനട |
| അടങ്കൽ: തനത് ഫണ്ട് | : | 1,00,000/- രൂപ |
| ചെലവ് | : | 98,161/-രൂപ (ടി.എസ്.ബി ചെക്ക് നം.6631638തീയതി,26.8.16) |
| എം.ബുക്ക് നം | : | 391/16-17 |
| ആകെ വേല മൂല്യം | : | 92605/- |
| ഈടാക്കിയ നികുതികൾ- വാറ്റ്(5%) | : | 4630 |
| നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | : | 926 |
| നികുതികൾ ഉൾപ്പെടെ ആകെ ചെലവ് | : | 98,161/- |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (2%) | : | 1852/- |

2.കേളങ്ങനാട്ട് പുത്തൻവെളി റോഡ് നിർമാണം 2-ാം ഘട്ടം വാർഡ്-13

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്.78/17 |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനറുടെ പേര് | : | അനിരുദ്ധൻ |
| അടങ്കൽ: വികസന ഫണ്ട് | : | 50,000/- രൂപ |
| ചെലവ് | : | 49,919/-രൂപ (ട്രഷറി ബിൽ നം.1തീയതി,30.8.16) |

| | | |
|---|---|---|
| എം.ബുക്ക് നം | : | 392/16-17 |
| ആകെ വേല മൂല്യം | : | 47093/- |
| ഈടാക്കിയ നികുതികൾ-<br>വാറ്റ്(5%) | : | 2355/- |
| നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | : | 471 |
| നികുതികൾ ഉൾപ്പെടെ ആകെ ചെലവ് | : | 49,919/- |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | : | 942/- |

3.കൃഷി ഓഫീസ് നവീകരണം വാർഡ്-6

| | | |
|---|---|---|
| പ്രോജക്ട് നം. | : | എസ്.84/17 (സ്പിൽ ഓവർ) |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനറുടെ പേര് | : | ക്യൂനോ ജോസ് |
| അടങ്കൽ: മെയിന്റനൻസ് ഫണ്ട് (റോഡിതരം) | : | 2,00,000/- രൂപ |
| ചെലവ് മുൻവർഷം (ആദ്യ പാർട്ട് ബിൽ) | : | 138132/- |
| ചെലവ് തൻവർഷം | | 47151/- (ട്രഷറി ബിൽ നം.17തീയതി,13.3.2017) |
| എം.ബുക്ക് നം | : | 224/14-15, 233/14-15, 399/16-17 |
| ആകെ വേല മൂല്യം | : | 174795/- |
| ഈടാക്കിയ നികുതികൾ-<br>വാറ്റ്(5%) | : | 8740/- |
| നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | : | 1748/- |
| നികുതികൾ ഉൾപ്പെടെ ആകെ ചെലവ് | : | 185283/- |
| ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (2%) | : | 3496/- |

മേൽ വർക്കുകളിൽ നിന്നും ആദായ നികുതി ഈടാക്കാതിരുന്നത് മൂലം കേന്ദ്ര സർക്കാരിന് 6290/- രൂപയുടെ (1852+942+3496) നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക കൺവീനർമാരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്. (ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10 തീയതി,28.06.2017) മറുപടി ലഭ്യമാക്കിയില്ല).

## 3-23 ഇ-ടെണ്ടറിന്റെ ടെണ്ടർ ഫീസിനത്തിലുള്ള തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

മാരാരിക്കുളം ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ 4 പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തിരുന്നു. പ്രസ്തുത പ്രവർത്തികളുടെ ടെണ്ടർ ഫീസിനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുക എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.

| ക്രമ | ടെണ്ടർ ഐ.ഡി | പ്രവർത്തിയുടെ | ടെണ്ടർ | ടെണ്ടറിൽ | ആകെ |
|---|---|---|---|---|---|

| നം. | | പേര് | ഫീസ് | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ലഭ്യമായ ടെണ്ടർ ഫീസ് |
|---|---|---|---|---|---|
| 1 | 2016_LSGD_88572_1 | പി.എച്ച്.സി മെയിന്റനൻസ് | 2500 | 3 | 7500 |
| 2 | 2016_LSGD_88594_1 | ശുചിത്വ സുന്ദര ആരോഗ്യ ഗ്രാമം | 2500 | 2 | 5000 |
| 3 | 2016_LSGD_88557_2 | കുറ്റിക്കാട്ട് അമ്പഴത്തിങ്കൽ റോഡ് മെറ്റലിംഗ്-ടാറിംഗ് | 1400 | 6 | 8400 |
| 4 | 2016_LSGD_88581_2 | പൂപ്പള്ളിക്കാവ് അരശ്ശേരിമംഗലം റോഡ് മെറ്റലിംഗ്-ടാറിംഗ് | 1400 | 6 | 8400 |
| | ആകെ | | | | 29300 |

പഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക ഓഡിറ്റ് സമയം വരെ തിരികെ ലഭിച്ചിട്ടില്ല. മുൻവർഷത്തിലേതുൾപ്പടെ ഈയിനത്തിൽ പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-24 പൊതുമരാമത്ത് വേലകൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല.

കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.പി.13/2012 പി.ഡബ്ള്യുഡി/1-2-2012 സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തികരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല എന്നും, പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്നക്രമത്തിലും ഈടാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ച വാങ്ങുകയോ ചെയ്യാത്ത സംഗതികളിൽ കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കണം. [സെക്ഷൻ 2116 (1)] എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്കവർക്കുകളിലും പിഴ സംബന്ധിച്ച് 2012 നുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. ദീർഘീകരണം സംബന്ധിച്ച് പുതുക്കിയ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയും അതിനനുസൃതമായി നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-25 ഓഡിറ്റ് ഇംപാക്ട് ബാരൽ വില കുറവ് ചെയ്തില്ല- ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരിച്ചടച്ചു

2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പി.എച്ച്.സി-പള്ളിക്കാവ് റോഡ് മെറ്റലിംഗ് ടാറിംഗ് (പ്രോജക്ട് നം.140/17)എന്ന മരാമത്ത് വേലയിൽ നിന്നും ബാരൽ വില കുറവ് ചെയ്യാത്തതായി പരിശോധനയിൽ ബോധ്യപ്പെട്ടു. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയിരിക്കുന്നതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വില ഈടാക്കേണ്ടതായിരുന്നു എന്നും തുക ഈടാക്കാതിരുന്നതിനാൽ 3000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും കാണിച്ച് *അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (നം.12*

*തീയതി.28.06.2017) നല്കിയതിനെ തുടർന്ന് ടി തുക 30.06.2017-ലെ 117020100840 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ടി തുക നിശ്ചിത ശീർഷകത്തിലേക്ക് ഒടുക്കേണ്ടതാണ്.*

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വസ്തു നികുതി ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ- സാംഖ്യ മാപ്പിംഗ് പൂർത്തിയാക്കി വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. അസറ്റ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3.ദേശീയ ഗ്രാമീണ തൊഴലുറപ്പ് പദ്ധതിയുടെ എഫ്.ടി.ഒ പത്രിക പ്രകാരമുള്ള യഥാർത്ഥ ചെലവ് (63699863), എ.എഫ്.എസ് പ്രകാരമുള്ള ചെലവിനേക്കാൾ (62799467),900396 രൂപ കൂടുതലാണ്.

4. ഷെഡ്യൂൾ ബി.9 പ്രകാരം other creditors എന്നയിനത്തിൽ 17 രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതാണെന്നും ആയത് ട്രെഷറിയിൽ നിന്നും തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെട്ടതാണെന്നും അറിയിച്ചിട്ടുണ്ട്.

5.ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം വരവുള്ള 13197 രൂപ ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ രേഖപ്പെടുത്തുന്നതിന് പകരം Rp-4, Rp26 എന്നീ ഷെഡ്യൂളുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
6.പഞ്ചായത്തിലെ രേഖകൾ പ്രകാരം വർഷാവസാനം അവശേഷിക്കുന്ന യഥാർത്ഥ സ്ഥിര നിക്ഷേപം 2468248/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.12 പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം 2468284/- രൂപയാണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 255000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 255000 | |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 50000 | സുമന സാന്ത്വന ഗ്രാമം | 50000 | |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 500000 | ക്ഷീര കർഷകർക്ക് സബ്സിഡി | 500000 | |
| ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 255000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 255000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 736935 | 00 | 736935 |

| | | | | |
|---|---|---|---|---|
| | (എസ്.സി) | | | |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ ജനറൽ | 3056029 | 00 | 3056029 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ സ്ഥാപിക്കൽ | 289297 | 289297 | 00 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2550355 |
| തൻവർഷം നിക്ഷേപിച്ച തുക | 241725 |
| ആകെ | 2792080 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 323832 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2468248 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| F.D.No. 2317224, എ.ഡി.സി.ബി.കഞ്ഞിക്കുഴി | 1230687 |
| F.D.No. 2317225, എ.ഡി.സി.ബി.കഞ്ഞിക്കുഴി | 1227248 |
| F.D.No. 188230, എ.ഡി.സി.ബി.കഞ്ഞിക്കുഴി | 10313 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 2012-13 | 3-1 | 4245 | പ്രഭ മധു<br>മുൻ പ്രസിഡണ്ട് | 11602101119 /4.8.2016 |
| 2013-14 | 2-7 | 2500 | സെക്രട്ടറി, എസ്.സി.ബി-1509 | 11602100504 /31.5.2016 |
| 2013-14 | 2-7 | 1250 | സെക്രട്ടറി, എസ്.സി.ബി-1179 | 11602100544 /3.6.2016 |
| 2013-14 | 3-1 | 1278 | പ്രഭ മധു<br>മുൻ പ്രസിഡണ്ട് | 11602101118 /4.8.2016 |
| 2014-15 | 2-2എ(4) | 1654 | പുഷ്പാംഗദൻ,തയ്യിൽ | 18/41238/ 22.2.16 |
| 2014-15 | 2-3-1-1 | 300 | ആൽബിൻ വർഗീസ്<br>മാരാരി ബീച്ച് റിസോർട്ട് | 11602101347 /31.8.2016 |

| | | | | |
|---|---|---|---|---|
| 2014-15 | 2-3-1-2 | 270 | അരുൺ സേവ്യർ | 11602101348 /31.8.2016 |
| 2014-15 | 2-3-1-3 | 150 | രാഹുൽ.ആർ | 11602101349 /31.8.2016 |
| 2014-15 | 2-3-1-4 | 150 | സംഗീത | 11602101350 /31.8.2016 |
| 2014-15 | 2-3-1-5 | 150 | ഭവാനി,പി.ടി.എസ്,വെറ്ററിനറി ഹോസ്പിറ്റൽ | 11602101435/9.9.2016 |
| 2014-15 | 2-3-2-1 | 1250 | ധനലക്ഷ്മി ബാങ്ക് | 11602500001/8.8.2016 |
| | ആകെ | 13197/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70932061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63957750 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 16610 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1003061 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7189166 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 16610 | | ശ്രീ. കെ.എസ് സോണി,സെക്രട്ടറി |
| 3-1 | | 4800 | ശ്രീമതി.എം.റ്റി.ബീന, സീനിയർ ക്ലാർക്ക് |
| 3-3 | | 2100 | ക്യൂനോ ജോസ്,കൃഷി ഓഫീസർ |
| 3-4 | | 8189 | ക്യൂനോ ജോസ്,കൃഷി ഓഫീസർ |
| 3-5 | | 2400 | ശ്രീമതി.സുജാദേവി ഐ.സി.ഡിഎസ്.സൂപ്പർവൈസർ |
| 3-6 | | 3000 | ശ്രീ.കെ.എസ് സോണി,സെക്രട്ടറി |
| 3-8 | | 800 | ശ്രീമതി.സ്വർണ്ണമ്മ ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.എസ് |
| 3-14(1) | | 2000 | ഡോ. രജനി മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 3-16 | | 600000 | ഡോ.ജയശ്രീ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

| | | | |
|---|---|---|---|
| 3-17(1) | | 115160 | ഡോ.ഗീതമ്മ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-17(2) | | 264612 | ഡോ.ഗീതമ്മ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 16610 | 1003061 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 30000 | ക്യൂനോ ജോസ്<br>കൃഷി ഓഫീസർ |
| 3-7 | 600000 | ശ്രീമതി.സ്വർണ്ണമ്മ<br>ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.എസ് |
| 3-11 | 32802 | ശ്രീ. കെ.എസ് സോണി,സെക്രട്ടറി |
| 3-14(1) | 1600 | ഡോ. രജനി<br>മെഡിക്കൽ ഓഫീസർ(അലോപ്പതി) |
| 3-14(2) | 361800 | |
| 3-15 | 200000 | ഡോ. ജോയ്,വെറ്ററിനറി സർജൻ |
| 3-18 | 4292964 | ശ്രീ.കെ.എസ് സോണി,സെക്രട്ടറി |
| 3-19 | 1570000 | ജി.വി.വിനോദ്കുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | 100000 | ജി.വി.വിനോദ്കുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 7189166 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-23 6290 ഇൻകം ടാക്സ് (അസിസ്റ്റന്റ് എഞ്ചിനീയർ)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.എസ്.സോണി<br>സെക്രട്ടറി | സെക്രട്ടറി,<br>മാരാരിക്കുളം<br>വടക്ക് ഗ്രാമ<br>പഞ്ചായത്ത് | കുരിശിങ്കൽ<br>ചാത്തനാട്,<br>പൂന്തോപ്പ് വാർഡ്<br>ആലപ്പുഴ |
| ക്യൂനോ ജോസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>മാരാരിക്കുളം<br>വടക്ക്<br>ഗ്രാമപഞ്ചായത്ത് | കോയിക്കര ഹൗസ്<br>സി.എം.സി.27<br>ചേർത്തല |
| ശ്രീമതി. സുജാദേവി<br>ഐ.സി.ഡിഎസ്<br>സൂപ്പർവൈസർ | ഐ.സി.ഡിഎസ്<br>സൂപ്പർവൈസർ<br>മാരാരിക്കുളം<br>വടക്ക് ഗ്രാമ | അശ്വതി<br>ആശ്രമം വാർഡ്<br>അവലൂക്കുന്ന്പി.ഒ,<br>ആലപ്പുഴ |

| | | |
|---|---|---|
| | പഞ്ചായത്ത് | |
| ശ്രീമതി.സ്വർണ്ണമ്മ<br>ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്,<br>ഗവ.എൽ.പി.എസ്<br>മാരാരിക്കുളം | കളരിക്കൽ<br>എസ്.എൻ.പുരം.പി.ഒ<br>ചേർത്തല |
| ശ്രീ.ജി.വി.വിനോദ്കുമാർ | അസിസ്റ്റന്റ്<br>സെക്രട്ടറി,<br>മാരാരിക്കുളം<br>വടക്ക്<br>ഗ്രാമപഞ്ചായത്ത് | ഗോകുലം,<br>കൊറ്റംകുളങ്ങര,<br>അവലൂക്കുന്ന്.പി.ഒ.<br>ആലപ്പുഴ |
| എം.റ്റി.ബീന | സീനിയർ ക്ലാർക്ക്,<br>മാരാരിക്കുളം<br>വടക്ക്<br>ഗ്രാമപഞ്ചായത്ത് | പൊന്നിട്ടശ്ശേരി,<br>എസ്.എൽ.പുരം.പി.ഒ<br>ആലപ്പുഴ |
| ഡോ.ജോയ് | വെറ്ററിനറി<br>സർജ്ജൻ | കുരിശിങ്കൽ ഹൗസ്,<br>ചേന്ദമംഗലം,<br>പറവൂർ നോർത്ത് |
| ഡോ. രജനി<br>മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | മെഡിക്കൽ<br>ഓഫീസർ<br>പി.എച്ച്.സി.<br>മാരാരിക്കുളം | വൃന്ദാവനം<br>TC 19/8-1<br>വിജയമോഹിനിക്ക്<br>സമീപം<br>തിരുമല പി.ഒ<br>തിരുവനന്തപുരം |
| ഡോ.ജയശ്രീ<br>മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | മെഡിക്കൽ<br>ഓഫീസർ<br>(ആയുർവ്വേദം)<br>മാരാരിക്കുളം | സബർമതി<br>മാരാരിക്കുളംവടക്ക്പി.ഒ<br>ആലപ്പുഴ |
| ഡോ.ഗീതമ്മ<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ<br>ഓഫീസർ<br>(ഹോമിയോ)<br>മാരാരിക്കുളം<br>വടക്ക് | മിഥില<br>LHSന് കിഴക്കുവശം<br>അവലൂക്കുന്ന്.പി.ഒ<br>ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.എ5-1832/11/20-01-12 – ഓഡിറ്റ് അദാലത്ത് 2011-12 |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.ജി.എ-5/1577/13/7-6-2014- ഓഡിറ്റ് അദാലത്ത് 2013-14 |
| 2007-08 | |

| | |
|---|---|
| 2008-09 | |
| 2009-10 | |
| 2010-11&2011-12 | എൽ.എഫ്.എ.പി8-251/13/14.05.13/26.06.13 |
| 2012-13 | എൽ.എഫ്.എ.പി8-480/14/25.06.14/10.11.14 |
| 2013-14 | എൽ.എഫ്.എ.പി8-559/15/17.07.15/04.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി8-633/16, തീ. 16.06.2016 |
| 2015-16 | നം.കെ.എസ്.എ/എ.എൽ.പി/പി8/1528/16 തീ.3.1.2017 |

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-എ.എൽ.പി/പി8-860/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി: 10.07.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P8-960/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 10.07.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Mararikulam north Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Mararikulam north Gramapanchayat for the year 2016-17 except the observations in para 4-1of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha